കൂടുതൽ പഞ്ചായത്തുകളിൽ മേൽക്കോയ്മ നേടാൻ ഇടതു–വലതു മുന്നണികൾ; മികച്ച നേട്ടം ലക്ഷ്യമിട്ട് ബി ജെ പി

കാസർകോട്: ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള നാമ നിർദ്ദേശ പത്രികാ സമർപ്പണം പൂർത്തിയായതോടെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഓരോ കക്ഷിക്കും പഞ്ചായത്തുകളിൽ ലഭിച്ച സീറ്റുകൾ സംബന്ധിച്ച് ചർച്ചകൾ സജീവമാകുന്നു. ഉദുമ ഗ്രാമപഞ്ചായത്തിൽ ആകെ 21 സീറ്റുകളാണുള്ളത്. എൽ ഡി എഫു നേടിയ പത്തു സീറ്റിനെതിരെ 11 സീറ്റു നേടി യു ഡി എഫാണ് കഴിഞ്ഞ തവണ പഞ്ചായത്ത് ഭരണം നടത്തിയത്.

ബേഡഡുക്ക പഞ്ചായത്ത് പൊതുവെ ചുവന്ന പഞ്ചായത്താണെന്നാണ് അറിയപ്പെടുന്നത്. ആകെയുള്ള 17 സീറ്റുകളിൽ 16ഉം നേടി സി പി എം അധികാരം ഏറ്റെടുത്തപ്പോൾ പ്രതിപക്ഷ നിരയിൽ മറ്റുള്ളവർ നേടിയത് ഒരു സീറ്റ് മാത്രമായിരുന്നു.

കുറ്റിക്കോൽ പഞ്ചായത്തിൽ ആകെ പതിനാറു സീറ്റാണ്. ഇതിൽ ഏഴു സീറ്റു നേടിയ എൽ ഡി എഫ് ആയിരുന്നു ഏറ്റവും വലിയ ശക്തി. യു ഡി എഫ് അഞ്ചും ബി ജെ പി മൂന്നും മറ്റുള്ളവർ ഒരു സീറ്റും നേടി.

പള്ളിക്കര പഞ്ചായത്തിൽ ആകെ 22 സീറ്റ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു ഡി എഫ് നേടിയ 10 സീറ്റിനെതിരെ 12 സീറ്റു നേടിയാണ് എൽ ഡി എഫ് അധികാരത്തിലെത്തിയത്. ഇത്തവണ ശക്തമായ പോരാട്ടം നടക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പള്ളിക്കര.

കല്യോട്ട് ഇരട്ടക്കൊലപാതകത്തോടെ സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട പഞ്ചായത്താണ് പുല്ലൂർ പെരിയ. സി പി എം നേതൃത്വത്തിലുള്ള ഭരണ സമിതിയാണ് കഴിഞ്ഞ തവണ ഭരണത്തിലുണ്ടായിരുന്നത്.

ആകെയുള്ള 17 സീറ്റുകളിൽ എൽ ഡി എഫ് 11 സീറ്റു നേടിയപ്പോൾ യു ഡി എഫിനു അഞ്ചും ബി ജെ പിക്കു ഒരു സീറ്റും ലഭിച്ചു.

അജാനൂർ പഞ്ചായത്തിൽ ആകെയുള്ള 23 സീറ്റുകളിൽ 11 സീറ്റു നേടിയ എൽ ഡി എഫാണ് ഭരണം നടത്തിയത്. യു ഡി എഫിനു എട്ടും ബി ജെ പിക്കു നാലും വാർഡുകൾ ലഭിച്ചിരുന്നു.

കോടോംബേളൂരിൽ എൽ ഡി എഫ് 14ഉം യു ഡി എഫ്

നാലും ബി ജെ പി ഒരു സീറ്റും നേടി. ബളാലിൽ ആകെയുള്ള 16 സീറ്റുകളിൽ 13 സീറ്റും യു ഡി എഫ് നേടിയപ്പോൾ എൽ ഡി എഫിനു മൂന്നിൽ ഒതുങ്ങേണ്ടി വന്നു.

കള്ളാർ പഞ്ചായത്തിലും യു ഡി എഫിനായിരുന്നു മുന്നേറ്റം. 14 സീറ്റുകളിൽ യു ഡി എഫ് 11ഉം എൽ ഡി എഫ് ഒന്നും മറ്റുള്ളവർ രണ്ടും സീറ്റുകൾ നേടി.

പനത്തടിയിൽ 13 സീറ്റു നേടി എൽ ഡി എഫ് അധികാരത്തിലെത്തിയപ്പോൾ യു ഡി എഫിനു രണ്ടു സീറ്റിലൊതുങ്ങേണ്ടി വന്നു.

വെസ്റ്റ് എളേരിയിൽ എൽ ഡി എഫ് 11 ഉം യു ഡി എഫ് ഏഴു സീറ്റും നേടി.

ഈസ്റ്റ് എളേരിയിൽ യു ഡി എഫ് രണ്ടും എൽ ഡി എഫ് നാലും സീറ്റു നേടിയപ്പോൾ മറ്റുള്ളവർ പത്തു സീറ്റു നേടി രാഷ്ട്രീയ ശക്തി തെളിയിച്ചു.

17 വാർഡുള്ള കിനാനൂർ കരിന്തളത്ത് എൽ ഡി എഫ് 12 വാർഡുകളിൽ വിജയിച്ചു. യു ഡി എഫ് മൂന്നും മറ്റുള്ളവർ രണ്ടും സീറ്റുകളും നേടി.

മടിക്കൈയിൽ ആകെയുള്ള 15 സീറ്റുകളിൽ 14ഉം എൽ ഡി എഫ് നേടിയപ്പോൾ ഒരു സീറ്റു ബി ജെ പിക്കു ലഭിച്ചു. ചെറുവത്തൂരിൽ എൽ ഡി എഫ് 12ഉം യു ഡി എഫ് അഞ്ചും സീറ്റു നേടി. പടന്നയിൽ യു ഡി എഫ് ഒൻപതു വാർഡുകളിൽ വിജയിച്ചപ്പോൾ എൽ ഡി എഫ് ആറു വാർഡുകളിൽ വിജയിച്ചു.

പിലിക്കോട്ട് ആകെയുള്ള 16ൽ 15ഉം എൽ ഡി എഫ് നേടി. യു ഡി എഫിനു ഒരു സീറ്റേ ലഭിച്ചുള്ളൂ.

വലിയപറമ്പിൽ 13ൽ എൽ ഡി എഫ് ആറും യു ഡി എഫ് ഏഴും വാർഡുകളിൽ വിജയിച്ചു. തൃക്കരിപ്പൂർ പഞ്ചായത്തിൽ ആകെയുള്ള 21 വാർഡുകളിൽ 15ഉം വിജയിച്ച യു ഡി എഫാണ് ഭരണത്തിനു നേതൃത്വം നൽകിയത്. എൽ ഡി എഫ് അഞ്ചു വാർഡുകളിൽ വിജയിച്ചു.

രക്തസാക്ഷികളുടെ നാടായ കയ്യൂരിന്റെ മണ്ണും കഴിഞ്ഞ തെരഞ്ഞെടുപ്പിലും ചുവന്നു. ആകെയുള്ള 16 സീറ്റുകളിൽ 15ഉം എൽ ഡി എഫ് കരസ്ഥമാക്കിയപ്പോൾ യു ഡി എഫിനു ഒരു സീറ്റു നേടാനായി എന്നതു അവരുടെ രാഷ്ട്രീയ നേട്ടമായി വിലയിരുത്തപ്പെടുന്നു.

മുളിയാറിൽ ആകെ പതിനഞ്ചു സീറ്റുകൾ. ഇടതു -വലതു മുന്നണികൾ ഏഴു സീറ്റുകൾ വീതം നേടി തുല്യതയിലെത്തിയപ്പോൾ ബി ജെ പി ക്കു ഒരു സീറ്റു ലഭിച്ചു. ഭാഗ്യം യു ഡി എഫ് പക്ഷത്ത് നിന്നപ്പോൾ പഞ്ചായത്ത് പ്രസിഡണ്ടു സ്ഥാനം യു ഡി എഫിനൊപ്പമായി.

ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ ജില്ലയിൽ ആകെയുള്ള 38 പഞ്ചായത്തുകളിൽ ആർക്കായിരിക്കും കൂടുതൽ കരുത്ത്? യു ഡി എഫും എൽ ഡി എഫും ഒപ്പത്തിനൊപ്പം തുടരുമോ അതോ കൂടുതൽ പഞ്ചായത്തുകളുടെ ഭരണം നേടി ഏതെങ്കിലുമൊരു മുന്നണി ശക്തി തെളിയിക്കുമോ? ബി ജെ പി മുന്നോട്ടു കുതിക്കുമോ? ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിനു ചൂടേറുന്നതിനൊപ്പം വിവിധ തരത്തിലുള്ള ചർച്ചകളും പുരോഗമിക്കുകയാണ്.

ജില്ലയിലെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പു ഫലം – 2015

	ആകെ	യു ഡി എഫ്	എൽ ഡി എഫ്	ബി ജെ പി	മറ്റുള്ളവർ
18 ഉദുമ	21	11	10	0	0
19 ബേഡഡുക്ക	17	0	16	0	01
20 കുറ്റിക്കോൽ	16	05	07	03	01
21 പള്ളിക്കര	22	10	12	0	0
22 പുല്ലൂർ – പെരിയ	17	05	11	01	0
23 അജാനൂർ	23	08	11	04	0
24 കോടോംബേളൂർ	19	04	14	01	0
25 ബളാൽ	16	13	03	0	0
26 കള്ളാർ	14	11	01	0	02
27 പനത്തടി	15	02	13	0	0
28 വെസ്റ്റ് എളേരി	18	07	11	0	0
29 ഈസ്റ്റ് എളേരി	16	02	04	0	10
30 കിനാനൂർ – കരിന്തളം	17	03	12	0	02
31 മടിക്കൈ	15	0	14	01	0
32 ചെറുവത്തൂർ	17	05	12	0	0
33 പടന്ന	15	09	06	0	0
34 പിലിക്കോട്	16	01	15	0	0
35 വലിയപറമ്പ	13	07	06	0	0
36 തൃക്കരിപ്പൂർ	21	15	05	0	01
37 കയ്യൂർ – ചീമേനി	16	01	15	0	0
38 മുളിയാർ	15	07	07	01	0

ബ്ലോക്ക് പഞ്ചായത്തുകളിൽ ചരിത്രം ആവർത്തിക്കുമോ?

കാസർകോട്: ജില്ലയിൽ ബ്ലോക്ക് പഞ്ചായത്തുകൾ ആറ്. 2015ലെ തെരഞ്ഞെടുപ്പിൽ നാലു ബ്ലോക്കുകളിൽ ഭരണം എൽ ഡി എഫിനു ലഭിച്ചു. യു ഡി എഫ് രണ്ടു ബ്ലോക്ക് പഞ്ചായത്തുകളിലെ ഭരണം നിലനിർത്തിയപ്പോൾ ബി ജെ പിക്കു മൂന്നു ബ്ലോക്കു പഞ്ചായത്തുകളിൽ സാന്നിധ്യം അറിയിക്കാനേ കഴിഞ്ഞില്ല.

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ 15 ഡിവിഷനുകളാണുള്ളത്. ഇതിൽ യു ഡി എഫ് ഒൻപതു സീറ്റുനേടി ഒന്നാമതായി. എൽ ഡി എഫ് രണ്ടും ബി ജെ പി നാലു സീറ്റുകളും നേടി.

15 ഡിവിഷനുകളുള്ള കാസർകോട് ബ്ലോക്കിൽ എൽ ഡി എഫിനു സീറ്റുകളൊന്നും ലഭിച്ചില്ല. യു ഡി എഫ് 11 സീറ്റുനേടിയപ്പോൾ ബി ജെ പിക്കു നാലു സീറ്റു ലഭിച്ചു.

കാറഡുക്കയിൽ ആകെയുള്ള 13 സീറ്റുകളിൽ ഏഴിടത്ത് വിജയം നേടിയ എൽ ഡി എഫ് ഭരണത്തിനു നേതൃത്വം നൽകി. യു ഡി എഫും ബി ജെ പിയും മൂന്നു സീറ്റുകൾ വീതം നേടി. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ശക്തമായ മേധാവിത്തമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ ഡി എഫിനു ലഭിച്ചത്. ആകെയുള്ള 13 ഡിവിഷനുകളിൽ ഒൻപതും എൽ ഡി എഫിനായിരുന്നു. യു ഡി എഫ് നാലിടത്ത് വിജയം കണ്ടു. നീലേശ്വരം ബ്ലോക്കിൽ എൽ ഡി എഫ് നേടിയ എട്ടു സീറ്റിന്റെ പകുതി നേടാനേ യു ഡി എഫിനു കഴിഞ്ഞുള്ളൂ.

14 ഡിവിഷനുകളുള്ള പരപ്പയിൽ എട്ടു സീറ്റുകളോടെ എൽ ഡി എഫ് അധികാരത്തിലെത്തിയപ്പോൾ യു ഡി എഫിനു നാലു ഡിവിഷനുകളിൽ വിജയം നേടാനേ കഴിഞ്ഞുള്ളൂ. മറ്റുള്ളവർ രണ്ടു സീറ്റുകളും നേടി. ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഇത്തവണ വലിയ മാറ്റങ്ങളൊന്നും ഉണ്ടാകുമെന്നു ആരും കരുതുന്നില്ലെങ്കിലും കൂടുതൽ ശക്തി തെളിയിക്കാനാണ് ഓരോ പാർട്ടികളും ശ്രമിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് കക്ഷിനില

ബ്ലോക്ക് പഞ്ചായത്ത്	ആകെ	യു ഡി എഫ്	എൽ ഡി എഫ്	ബി ജെ പി	മറ്റുള്ളവർ
മഞ്ചേശ്വരം	15	9	2	4	0
കാസർകോട്	15	11	0	4	0
കാറഡുക്ക	13	3	7	3	0
കാഞ്ഞങ്ങാട്	13	4	9	0	0
നീലേശ്വരം	13	4	8	0	1
പരപ്പ	14	4	8	0	2

ജനം ഭട്ടിനൊപ്പം: ബദിയടുക്ക ഗ്രാമ പഞ്ചായത്ത് പട്ടാജെ വാർഡിൽ (14)മൽസരിക്കുന്ന ബി ജെ പി സ്ഥാനാർഥി കെ എൻ കൃഷ്ണ ഭട്ട് നാമനിർദ്ദേശ പത്രിക നൽകാൻ എത്തിയപ്പോൾ

അജാനൂർ പഞ്ചായത്ത് ലീഗ് സ്ഥാനാർത്ഥികൾ പത്രിക സമർപ്പിക്കാൻ എത്തിയപ്പോൾ

പി ഡി പി സ്ഥാനാർത്ഥികൾ പത്രിക നൽകി

കാസർകോട്: ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പിഡി.പി സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രിക നൽകി. മഞ്ചേശ്വരം ജില്ലാ പഞ്ചായത്ത് ഡിവിഷനിലേക്ക് പിഡിപി. സംസ്ഥാന സെക്രട്ടറി പിഎം. സുബൈർ പടുപ്പ്, പുത്തിഗെ ഡിവിഷനിൽ പിഡിപി. സംസ്ഥാന ജനറൽ സെക്രട്ടറി ഗോപി കുതിരക്കൽ, ദേലംപാടി ഡിവിഷനിൽ ആബിദ് മഞ്ഞംപാറയും ചെങ്കള ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ ഷാഫി സുഹ്രി പടുപ്പ്, പിലിക്കോട് ഡിവിഷനിൽ അമ്മു ഏലിയാസ് അമർ എന്നിവർ നൽകി.ഷാഫി ഹാജി അഡൂർ, അബ്ദുറഹ്മാൻ പുത്തിഗെ, കെപി. മുഹമ്മദ് ഉപ്പള, യൂനുസ് തളങ്കര, അബ്ദുല്ലക്കുഞ്ഞി ബദിയടുക്ക, ഇബ്രാഹിം കോളിയടുക്കം, ആബിദ് മഞ്ഞംപാറ, ഹസൈനാർ ബെച്ചാർ, ജാഫർ തുടങ്ങിയവവർ സംബന്ധിച്ചു.

ജില്ലാ പഞ്ചായത്ത് മഞ്ചേശ്വരം ഡിവിഷനിൽ നിന്നും പി ഡി പി സ്ഥാനാർത്ഥിയായി മൽസരിക്കുന്ന പി എം സുബൈർ പടുപ്പ് കളക്ടർ മുമ്പാകെ പത്രിക സമർപ്പിക്കുന്നു

ജില്ലാ പഞ്ചായത്ത് പെരിയ ഡിവിഷനിൽ പോരിന് വീര്യം

പെരിയ: മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് പെരിയ ഡിവിഷനിൽ മത്സരം ശക്തമാകും. കഴിഞ്ഞ തവണ സി പി എം ജില്ലാ സെക്രട്ടറിയേറ്റംഗം വി പി പി മുസ്തഫ വൻ ഭൂരിപക്ഷത്തിനു വിജയിച്ച പെരിയയിൽ ഇത്തവണ തീപാറുന്ന പോരാട്ടം നടക്കുമെന്നാണ് പാർട്ടി പ്രവർത്തകരുടെ കണക്കു കൂട്ടൽ.

ബി എച്ച് ഫാത്തിമത്ത് ഷംനയെ ഇവിടെ സി പി എം സ്ഥാനാർത്ഥിയായി നേരത്തെ പ്രഖ്യാപിച്ചിരുന്നു. അവർ തെരഞ്ഞെടുപ്പു പ്രവർത്തനം തുടങ്ങിയതിനു ശേഷമാണ് യു ഡി എഫ് തങ്ങളുടെ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചത്. ചെമ്മനാട് പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ആയിരുന്ന ശാസിയ സി എം ആണ് പെരിയയിലെ യു ഡി എഫ് സ്ഥാനാർത്ഥി. എം ബി എ-എം കോം ബിരുദധാരിയാണ് ശാസിയ. മഹിളാ മോർച്ച പുല്ലൂർ പെരിയ പഞ്ചായത്ത് കമ്മറ്റി പ്രസിഡണ്ട് കെ ടി ഗീതയാണ് ഇവിടെ ബി ജെ പി സ്ഥാനാർത്ഥി. നാട്ടുകാരിയാണെന്ന പരിഗണനയിൽ കൂടുതൽ കരുത്തുകാട്ടാനാകുമെന്ന കണക്കു കൂട്ടലിലാണ് ബി ജെ പി.

കാഞ്ഞങ്ങാട് മുനിസിപ്പൽ 17-ാം വാർഡ് ഇടതു സ്ഥാനാർത്ഥി വി വി രമേശനു കെട്ടിവെയ്ക്കാനുള്ള തുക കൊവ്വൽപ്പള്ളിയിലെ പ്രവർത്തകർ നൽകുന്നു

ഇബ്രാഹിം കുഞ്ഞിന്റെ അറസ്റ്റ്; യു.ഡി.എഫ് പ്രതിഷേധ പ്രകടനം നടത്തി

കാസർകോട്: മുൻ മന്ത്രി ഇബ്രാഹിം കുഞ്ഞിയെ അറസ്റ്റ് ചെയ്തതിൽ പ്രധിഷേധിച്ച് യു.ഡി.എഫ് നിയോജക മണ്ഡലം കമ്മിറ്റി കാസർകോട് പ്രതിഷേധ പ്രകടനം നടത്തി. കെ.പി.സി.സി.മെമ്പർ പി.കെ.അഷറഫലി,മണ്ഡലം യു.ഡി.എഫ് ചെയർമാൻ എ. എം കടവത്ത്, അബ്ബുല്ല കുഞ്ഞി, കെ.കാലിദ്,ഖാലിദ് പച്ചക്കാട്, ഹാരിസ്, ഷബീർ, എൻ.എ. കാദർ, അഷറഫ് എം.പി, ബഷീർ.ബി.എം.സി, ബദറുദ്ധീൻ ആർ.കെ,പങ്കെടുത്തു.

പ്രതിഷേധ പ്രകടനം നടത്തി

തൃക്കരിപ്പൂർ: കള്ള കേസ് ചുമത്തിയാണ് മുൻമന്ത്രി വി കെ ഇബ്രാഹിം കുഞ്ഞിനെ അറസ്റ്റു ചെയ്തതെന്നാരോപിച്ചും ഇടതു സർക്കാരിന്റെ പ്രതികാര നടപടിയിൽ പ്രതിഷേധിച്ചും യു ഡി എഫിന്റെ നേതൃത്വത്തിൽ തൃക്കരിപ്പൂർ ടൗണിൽ പ്രകടനം നടത്തി. മുസ്ലീംലീഗ് ജില്ലാ ജോയിന്റ് സെക്രട്ടറി വി കെ ബാവ, നിയോജക മണ്ഡലം ജനറൽ സെക്രട്ടറി എം ടി പി കരീം, ലത്തീഫ് നീലഗിരി, എൻ കെ പി മുഹമ്മദ്, സി രവി, പി വി കണ്ണൻ, എസ് കുഞ്ഞഹമ്മദ്, സത്താർ വടക്കുമ്പാട്, കെ വി മുകുന്ദൻ എന്നിവർ നേതൃത്വം നൽകി.

മുൻ മന്ത്രി ഇബ്രാഹിം കുഞ്ഞിന്റെ അറസ്റ്റിൽ പ്രതിഷേധിച്ചു യു ഡി എഫ് കാസർകോട്ടു നടത്തിയ പ്രകടനം

ആന്റിജൻ ടെസ്റ്റ്;കലക്ടറുടെ ഉത്തരവ് പിൻവലിക്കണം: ബി ജെ പി

കാസർകോട് : തെരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങുന്ന സ്ഥാനാർത്ഥികളും തെരഞ്ഞെടുപ്പ് പ്രവൃത്തിയിൽ പങ്കാളിയാകുന്നവരും പ്രവർത്തകരും ആന്റിജെൻ ടെസ്റ്റിന് വിധേയരാകണമെന്ന ജില്ലാ കളക്ടറുടെ നിർദേശം അംഗീകരിക്കാനാവില്ലെന്ന് ബിജെപി ജില്ലാ പ്രസിഡന്റ് കെ ശ്രീകാന്ത്. കക്ഷി രാഷ്ട്രീയം നോക്കി ആന്റിജൻ ടെസ്റ്റ് ഫലം വരാനും ആന്റിജൻ ടെസ്റ്റ് എന്ന പേരിൽ അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാകാനും ഇടയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

രാഷ്ട്രീയ സ്വാധീനത്തിന് വഴങ്ങി രാഷ്ട്രീയ പ്രതിയോഗികളുടെ തെരഞ്ഞെടുപ്പ് പ്രചാരണം അട്ടിമറിക്കാൻ ഈ നിർദേശം ദുരുപയോഗം ചെയ്യാൻ സാധ്യത ഏറെയാണെന്ന് കൂട്ടിച്ചേർത്തു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ കോവിഡ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ജില്ലയിലെ തെരഞ്ഞെടുപ്പ് പ്രവർത്തകർക്ക് ആന്റിജൻ ടെസ്റ്റ് നടത്താൻ ആവശ്യപ്പെടുന്നത് നിയമവിരുദ്ധമാണെന്ന് ശ്രീകാന്ത് ചൂണ്ടിക്കാട്ടി.

പ്രസ്തുത നിർദ്ദേശം അടിയന്തിരമായി പിൻവലിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

കെ ഭരതൻ അനുസ്മരണം നീലേശ്വരത്ത് സി പി എം നീലേശ്വരം ഏരിയാ സെക്രട്ടറി എം രാജൻ ഉദ്ഘാടനം ചെയ്യുന്നു

ഗ്രീനത്തോൺ ചാലഞ്ച് നടത്തി

പട്ള:പട്ള ഗവ. ഹയർസെക്കന്ററി സ്കൂൾ ശിശുദിനത്തോടനുബന്ധിച്ച് ഒരു വൃക്ഷത്തൈ നട്ടു പ്രകൃതിയെ സ്നേഹിക്കാം എന്നപദ്ധതിയിലൂടെ ഹാർട്ട് ഫോർ എർത്ത് എന്ന സംഘടനയുമായി ചേർന്ന് ഗ്രീനത്തോൺ ചാലഞ്ചിൽ പങ്കാളികളായി. കുട്ടികൾ അവരവരുടെ വീടുകളിൽ തൈകൾ നട്ടു. ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ അജിത്ത് കെ രാമൻ ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപകൻ പി ആർ പ്രദീപ്, പി ടി ഉഷ, എച്ച് കെ അബ്ദുൾ റഹ്മാൻ, സി എച്ച് അബൂബക്കർ, കെ എം സെയ്ദ്, രഘുറാം ഭട്ട് എന്നിവർ പ്രസംഗിച്ചു.

ബേള ഗവ. ഐ ടി ഐയിൽ സീറ്റൊഴിവ്

കാസർകോട്: ബേളഗവ. ഐ ടി ഐയിൽ വെൽഡർ ട്രേഡിൽ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന ഈ വിഭാഗത്തിലുള്ളവർ എസ് എസ് എൽ സി സർട്ടിഫിക്കറ്റ്, മുൻപ് പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള ടി സി, സി സി എന്നിവ സഹിതം 20നു 4 മണിക്കു മുമ്പ് നീർച്ചാൽ വിഷ്ണുമൂർത്തി നഗറിലുള്ള ഐ ടി ഐയിൽ നേരിൽ ഹാജരാവണമെന്നു പ്രിൻസിപ്പൽ അറിയിച്ചു. അപേക്ഷാ ഫീസില്ല. സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ജില്ലാ ആശുപത്രി പഴയ സ്ഥിതിയിലേക്ക്

കാസർകോട്: ജില്ലയിൽ കോവിഡ് രോഗികളുടെ എണ്ണം കുറഞ്ഞു വരുന്നുണ്ടെങ്കിലും സാമ്പിൾ പരിശോധന വർധിപ്പിക്കുന്നതിന് ജില്ലാതല കോറോണ കോർകമ്മിറ്റി യോഗം തിരുമാനിച്ചു. വ്യാപാര സ്ഥാപനങ്ങളിലെ ഉടമകളും ജീവനക്കാരും പൊതുഗതാഗത സംവിധാനത്തിലെ ഡ്രൈവർമാരും ജീവനക്കാരും പൊതുജനങ്ങളും ആന്റിജൻ പരിശോധനയ്ക്ക് സഹകരിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ എ വി രാംദാസ് ആവശ്യപ്പെട്ടു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി കോവിഡ് ആശുപത്രിയാക്കിയതിനെ തുടർന്ന് ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി ഉക്കിനടുക്ക മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയിലും ടാറ്റാ കോവിഡ് ആശുപത്രിയിലും ആവശ്യമായ സംവിധാനങ്ങൾ വർധിപ്പിക്കാൻ നടപടി ഊർജ്ജിതമാക്കിയിട്ടുണ്ട്. ഡിസംബർ ഒന്നുമുതൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി പഴയരീതിയിൽ പ്രവർത്തനം ആരംഭിക്കാനാകുമെന്നാണ് പ്രത്യാശിക്കുന്നതെന്നും ഡി എം ഒ പറഞ്ഞു.

ജില്ലാ ആശുപത്രിയിൽ കോവിഡേതര ചികിത്സകൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് ജനകീയ കർമ്മ സമിതി നടത്തി വരുന്ന റിലേ നിരാഹാര സമരം കാലിച്ചാനടുക്കം ജനകീയ ബസ് സെക്രട്ടറി കെ.ജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

കർഷക കൂട്ടായ്മ നടത്തി

കോളിയടുക്കം: ബേനൂർ ക്ഷീര സംഘവും കോളിയടുക്കം ക്ഷീര സംഘവും ചേർന്ന് ക്ഷീര കർഷക കൂട്ടായ്മ നടത്തി.

ബേനൂർ ക്ഷീര സംഘം പ്രസിഡന്റ് വി രാജൻ പരിപാടി ഉദ്ഘാടനം ചെയ്തു. കോളിയടുക്കം ക്ഷീര സംഘം പ്രസിഡന്റ് മണികണ്ഠൻ ആധ്യക്ഷം വഹിച്ചു. നവീൻ പ്രസംഗിച്ചു.

മടിയൻ – ആനവാതുക്കൽ പാലം ഇൻവെസ്റ്റിഗേഷൻ നടപടികൾ തുടങ്ങി

കാഞ്ഞങ്ങാട്: മടിയൻ–ആനവാതുക്കൽ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ തുടങ്ങി.

20 മീറ്റർ നീളത്തിലാണ് പാലം നിർമ്മിക്കുന്നത്. ഇതോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡിനു 2018– 19 ബജറ്റിൽ 2 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യഘട്ട ഇൻവെസ്റ്റിഗേഷന് 3 ലക്ഷം രൂപയാണ് ചെലവ്.

ഫലപ്രദമായ പാരമ്പര്യ ചികിത്സ

നിങ്ങൾക്കുണ്ടാകുന്ന ബലഹീനത, നാഡി തളർച്ച, ഞരമ്പു തളർച്ച, ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, ദാമ്പത്യപരാജയം, വെള്ളപോക്ക്, തരിപ്പ്, കടച്ചിൽ, വേദന, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ കൂടാതെ എല്ലാവിധ രോഗങ്ങൾക്കും സ്വന്തം മരുന്നുകൾ ഉണ്ടാക്കി കൊടുത്ത് 44ൽപരം വർഷങ്ങളായി കാസർകോട്ട് ചികിത്സിച്ചുവരുന്നു. പാരമ്പര്യ വൈദ്യർ

എം. എച്ച്. ചൗധരി
ഡോ. ഷക്കീൽ ചൗധരി BAMS
അവർകളെ നേരിൽ കാണുക
ഭാരത് ഡിസ്പെൻസറി
(പാരമ്പര്യ ചികിത്സാലയം)
ഫോർട്ട് റോഡ് കാസർകോട്

സന്ദർശന സമയം രാവിലെ 8.30 മണി മുതൽ രാത്രി 7.30മണി വരെ
എല്ലാ ദിവസവും സന്ദർശിക്കാം.
Mob: 9446060021, 9446090021 ഫോൺ: 04994 226115